# ശാസ്ത്രം– ഭൗതികശാസ്ത്രങ്ങൾ, ജീവശാസ്ത്രം

## Guidelines

- നിശ്ചിതമായ ലക്ഷ്യത്തിന്റെയും സമീപനത്തിന്റെയും അടിസ്ഥാനത്തിൽ ചാക്രിക വിന്യാസത്തോടെയുള്ള അറിവുകളാണ് ഓരോ യൂണിറ്റിലും ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ആശയം പൂർണമായി ഒഴിവാക്കാതെ കുട്ടികളുടെ ഭാഷാപരിമിതികൾ പരിഗണിച്ച് അനുരൂപണം നടത്തുക.
- പരീക്ഷണങ്ങൾ ചെയ്യുമ്പോൾ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
- പാഠപുസ്തകത്തിലെ ഓരോ ആശയങ്ങളേയും കുറിച്ചുള്ള അടിസ്ഥാനധാരണ രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ, കുട്ടികളുടെ പ്രത്യേകതകൾ പരിഗണിച്ച് സങ്കീർണങ്ങളായ ആശയമേഖലകൾ Derivations, ഗണിതപ്രശ്നങ്ങൾ എന്നിവ ലളിതവൽക്കരിക്കുക.
- പട്ടിക പൂർത്തീകരണം, ബന്ധം കണ്ടെത്തൽ, ഒറ്റപ്പെട്ടത് കണ്ടെത്തൽ, ചിത്രം പകർത്തി വരച്ച് ഭാഗങ്ങൾ അടയാളപ്പെടുത്തൽ, ഫ്ളോചാർട്ട്, വർഗ്ഗീകരണം, യോജിച്ചവ കണ്ടെത്തുക, എന്നിവ മൂല്യനിർണ്ണയ ഉപാധികളിൽ ഉൾപ്പെടുത്തുക. മൂല്യനിർണ്ണയത്തിൽ നിർബന്ധമായും ഇത്തരത്തിലുള്ള Selection typeചോദ്യങ്ങൾ 40% എങ്കിലും ഉണ്ട് എന്ന് ഉറപ്പുവരുത്തണം.
- ഗണിതപ്രശ്നങ്ങളിൽ ദത്തങ്ങൾ നേരിട്ട് നൽകണം.
- നിർമ്മാണ പ്രവർത്തനങ്ങളെ അറിവ് നിർമ്മാണപ്രക്രിയയുടെ ഭാഗമാക്കി മാറ്റുക.
- Question text ലളിതവും എളുപ്പത്തിൽ ആശയം വ്യക്തമാവുന്നതുമായിരിക്കണം മൂല്യനിർണ്ണയ ഉപാധികൾ. നിന്തരമൂല്യനിർണ്ണയം ലളിതവും കാര്യക്ഷമവും ആയിരിക്കണം.
- നമ്മുടെ പ്രപഞ്ചം എന്ന പാഠഭാഗത്ത് K Star, Internet, Resource C.D തുടങ്ങിയ ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
- രസതന്ത്രത്തിലെ പീരിയോഡിക് ടേബിൾ എന്ന യൂണിറ്റ് G- periodic, Kalzium തുടങ്ങിയ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് വിനിമയം ചെയ്യാവുന്നതാണ്.
- ഓർഗാനിക് സംയുക്തങ്ങളുടെ പഠനത്തിന് Ghemical പോലുള്ള Software പ്രയോജനപ്പെടുത്തുക.

## സിലബസ് ഭൗതികശാസ്ത്രങ്ങൾ (ഊർജതന്ത്രം)

| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| **പ്രമേയം : വൈദ്യുതപ്രവാഹത്തിന്റെ ഫലങ്ങൾ** | **സമയം 7 മണിക്കൂർ/10 പിരിയഡ്** |
| • വൈദ്യുത പ്രവാഹത്തിന്റെ രാസഫലം | • പരീക്ഷണം, നിരീക്ഷണം, ചർച്ച |
| • അയോണിക ചലനം<br>• വൈദ്യുത വിശ്ലേഷണം, വൈദ്യുത ലേപനം<br>• ഇലക്ട്രോലൈറ്റുകൾ<br>• വിവിധ വസ്തുക്കളിലെ വൈദ്യുതലേപനം<br>• ഫാരഡെയുടെ വൈദ്യുത വിശ്ലേഷണ നിയമം | • ചർച്ച, പരീക്ഷണം, നിരീക്ഷണം, പ്രശ്നനിർധാരണം. |
| • താപഫലം<br>ജൂൾ നിയമം $H = I^2Rt$ ജൂൾ<br>- ഗണിത പ്രശ്നങ്ങൾ<br>താപനോപകരണങ്ങൾ<br>• വൈദ്യുത പവർ $P = I^2R$, $P = \frac{V^2}{R}$ $P = VI$<br>(ലഘുപ്രശ്നങ്ങളുടെ നിർദ്ധാരണം മാത്രം) | • ചർച്ച, പ്രശ്നനിർധാരണം |
| • ഫ്യൂസ്, ഫ്യൂസിന്റെ തത്വം, ഫ്യൂസ് വയർ<br>• വൈദ്യുത പ്രകാശ സ്രോതസ്സുകൾ | • ഫ്യൂസിന്റെ ഭാഗങ്ങൾ പരിചയപ്പെടുന്നു. ചർച്ച |
| • പ്രകാശഫലം, ഫിലമെന്റ്, ഫിലമെന്റിനുണ്ടായിരിക്കേണ്ട പ്രത്യേകതകൾ. ഇൻകാൻഡസെന്റ് ലാമ്പുകൾ.<br>• പ്രതിരോധത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ | • നിരീക്ഷണം, ചർച്ച, താരതമ്യം. |
| • ഡിസ്ചാർജ് ലാമ്പുകൾ<br>ഫ്ളൂറസെന്റ് ലാമ്പ് എന്നിവയുടെ പ്രവർത്തനം.<br>• CFL, LED | • നിരീക്ഷണം, ചർച്ച, താരതമ്യം.<br>• റിസോഴ്സ് സി.ഡി |
| **പ്രമേയം : വൈദ്യുതകാന്തിക പ്രേരണം** | **സമയം 9 മണിക്കൂർ/13 പിരിയഡ്** |
| • ഫാരഡെയുടെ വൈദ്യുത കാന്തിക പ്രേരണ നിയമം | • സോളിനോയിഡും കാന്തവും ഉപയോഗിച്ചുള്ള പരീക്ഷണം<br>• ഒരു കാന്തിക മണ്ഡലത്തിൽ കമ്പിച്ചുരുൾ ചലിപ്പിക്കുന്ന പരീക്ഷണം. |
| • എ.സി ജനറേറ്ററിന്റെ ഘടനയും ഭാഗങ്ങളും മാത്രം (പ്രവർത്തനം വേണ്ടതില്ല) | • എ.സി., ഡി.സി ജനറേറ്ററിന്റെ ഘടനാ മാതൃക പ്രവർത്തിപ്പിച്ച് ബോധ്യപ്പെടൽ; റിസോഴ്സ് സി.ഡി |
| • ചലിക്കും ചുരുൾ മൈക്രോഫോണിന്റെ ഘടനയും പ്രവർത്തനവും.<br>• മ്യൂച്വൽ ഇൻഡക്ഷൻ, ട്രാൻസ്ഫോമർ | • ചലിക്കും ചുരുൾ മൈക്രോഫോണിന്റെ ഭാഗങ്ങളുടെ നിരീക്ഷണം.<br>• റിസോഴ്സ് സി.ഡി. |
| • ട്രാൻസ്ഫോമറിന്റെ പ്രൈമറിയിലെയും സെക്കൻഡറിയിലെയും ചുറ്റുകളുടെ എണ്ണവും വോൾട്ടതയും തമ്മിലുള്ള ബന്ധം- ഗണിത പ്രശ്നങ്ങൾ | • പച്ചിരുമ്പ്, കമ്പിച്ചുരുളുകൾ, ഗാൽവനോമീറ്റർ, ബൾബ് എന്നിവ ഉപയോഗിച്ചുള്ള പരീക്ഷണം, നിരീക്ഷണം, ചർച്ച. |
| • ട്രാൻസ്ഫോമറിന്റെ പ്രൈമറിയിലെയും സെക്കൻഡറിയിലെയും കറന്റും വോൾട്ടതയും (പവർ) തമ്മിലുള്ള ബന്ധം വേണ്ടതില്ല. | • ട്രാൻസ്ഫോമർ, ഘടന, നിരീക്ഷണം, ചർച്ച, ഗണിതപ്രശ്നങ്ങൾ നിർധാരണം ചെയ്യൽ. |
| • ചലിക്കും ചുരുൾ ലൗഡ്സ്പീക്കർ ഘടനയും പ്രവർത്തനവും. | • ലൗഡ് സ്പീക്കറിന്റെ ഭാഗങ്ങളുടെ നിരീക്ഷണം, ചർച്ച. |
| • എ.സി, ഡി.സി ഇവയിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ കണ്ടെത്തി തരംതിരിക്കൽ. | • ജനറേറ്ററിലും, ലൗഡ്സ്പീക്കറിലും മൈക്രോഫോണിലേയും ഊർജമാറ്റം തിരിച്ചറിയൽ.<br>• ചർച്ച, തരംതിരിക്കൽ |

പ്രമേയം : **വൈദ്യുത പവർ ഉൽപ്പാദനവും വിതരണവും** സമയം 5 മണിക്കൂർ/7 പിരിയഡ്

| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| • പവർ സ്റ്റേഷനുകൾ - വിവിധ തരം പവർ സ്റ്റേഷനുകൾ<br>• ജലവൈദ്യുതനിലയം<br>• താപവൈദ്യുതനിലയം<br>• ആണവനിലയം<br>• ജനറേറ്ററിന്റെ റോട്ടോർ, സ്റ്റേറ്റർ<br>• സിംഗിൾ ഫേസ് ജനറേറ്റർ, ത്രിഫേസ് ജനറേറ്റർ - ഇവയുടെ ഘടന മാത്രം<br>• ത്രീഫേസ് ഏ.സി. (Three Phase AC) (ഗ്രാഫിക് ചിത്രീകരണം വേണ്ടതില്ല)<br>• സ്റ്റാർ കണക്ഷൻ<br>• ഗൃഹ വൈദ്യുത സെർക്കീട്ട് നിർമാണം.<br>• ഫേസ്, ന്യൂട്രൽ, ഫ്യൂസ്, MCB, ELCB, എർത്തിങ്ങ്, ത്രീ പിൻ പ്ലഗ്<br>• വൈദ്യത ഊർജ്ജത്തിന്റെ അളവ്<br>• വൈദ്യുതിയുടെ വ്യാവസായിക യൂണിറ്റ്<br>• വാട്ട് അവർ മീറ്റർ | • വിവിധതരം പവർസ്റ്റേഷനുകൾ ചിത്രീകരണം, പ്രവർത്തനം<br>• റിസോഴ്സ് സി.ഡി.<br>• ചർച്ച<br>• ജനറേറ്റർ മോഡലിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നു.<br>• ചർച്ച<br>• റിസോഴ്സ് സി.ഡി.<br>• ചർച്ച, ചിത്രീകരണം<br>• ഗൃഹ വൈദ്യുത സെർക്കീട്ട് നിർമാണം, ചിത്രീകരണം<br>• പ്രശ്ന നിർദ്ധാരണം<br>• ചർച്ച<br>• ചർച്ച, നിരീക്ഷണം |

പ്രമേയം : **ശബ്ദം** സമയം 6 മണിക്കൂർ/10 പിരിയഡ്

| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| • ശബ്ദസ്രോതസ്<br>• ശബ്ദം കമ്പനംമൂലമുണ്ടാകുന്നു.<br>• ശബ്ദത്തിന് സഞ്ചരിക്കാൻ മാധ്യമം ആവശ്യമാണ്.<br>• ശബ്ദത്തിന് വ്യത്യസ്ത മാധ്യമങ്ങളിലൂടെ സഞ്ചരിക്കാൻ സാധിക്കും. (മാധ്യമങ്ങളിലൂടെ ശബ്ദം പ്രേക്ഷണം ചെയ്യുന്നത് എങ്ങനെയെന്ന് വിശദീകരിക്കേണ്ടതില്ല)<br>• ഓഡിയോ ഗ്രാമിലെ അളവുകൾ പരിചയപ്പെടൽ<br>• ഉച്ചത<br>• ഡെസിബെൽ<br>• ശ്രവണശേഷി, ശ്രവണശേഷി കുറഞ്ഞവരോടുള്ള പ്രത്യേക പരിഗണന.<br>• ശ്രവണ പരിധി<br>• ശ്രവണ സാധ്യമായ ആവൃത്തി | • ട്യൂണിങ് ഫോർക്കുകൾ ഉപയോഗിച്ചുള്ള പരീക്ഷണം. നിരീക്ഷണം, ചർച്ച.<br>• ചർച്ച<br>• ഓഡിയോഗ്രാമിന്റെ ഗ്രാഫ് നിരീക്ഷണം, ചർച്ച<br>• ചർച്ച |



https://www.freshersnow.com/category/govt-boards/board-syllabus/

| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| • മനുഷ്യനു കേൾക്കാവുന്ന ശബ്ദത്തിന്റെ ആവൃത്തി 20 Hz നും 20 kHz നും ഇടയിൽ | • വർക്ക് ഷീറ്റ് പൂർത്തിയാക്കൽ<br>ചർച്ച<br>നിരീക്ഷണം |
| • 20 Hz ൽ കുറഞ്ഞ ശബ്ദത്തെ ഇൻഫ്രാസോണിക് ശബ്ദമെന്നും 20 kHz ൽ കൂടിയ ശബ്ദത്തെ അൾട്രാസോണിക് ശബ്ദമെന്നും പറയുന്നു. | • വർക്ക് ഷീറ്റ് പൂർത്തിയാക്കൽ<br>• പട്ടികകൾ താരതമ്യം ചെയ്യൽ |
| • വവ്വാലുകൾ, എലികൾ തുടങ്ങിയവ ഇരതേടാനും യാത്ര ചെയ്യാനും അൾട്രാസോണിക് ശബ്ദം പ്രയോജനപ്പെടുത്തുന്നു. | • റഫറൻസ്, നിരീക്ഷണം ചർച്ച. |
| • അൾട്രാസോണിക് ശബ്ദത്തിന്റെ ഉപയോഗങ്ങൾ - SONAR, Ultra Sound Scanning<br>• വൈദ്യശാസ്ത്രത്തിൽ വിവിധ ആവശ്യങ്ങൾക്കും ഇവ ഉപയോഗിക്കുന്നു. | • നിരീക്ഷണം, ചർച്ച |
| • ശബ്ദത്തിന്റെ പ്രതിപതനം<br>• ശബ്ദത്തിന്റെ ആവർത്തനപ്രതിപതനം<br>• ശ്രവണസ്ഥിരത<br>• അനുരണനം | • നിരീക്ഷണം, ചർച്ച |
| • ശബ്ദത്തിന്റെ ആവർത്തന പ്രതിപതനം ഉപയോഗപ്പെടുത്തിയിരിക്കുന്ന സന്ദർഭങ്ങൾ<br>• പ്രതിധ്വനി | • ചിത്രങ്ങൾ, നിരീക്ഷണം, ചർച്ച<br>• നിരീക്ഷണം, ചർച്ച |
| • കെട്ടിടങ്ങളുടെ ശബ്ദശാസ്ത്രം | • പരീക്ഷണം, നിരീക്ഷണം, റഫറൻസ്, ചർച്ച |
| • ശബ്ദമലിനീകരണം | • നിരീക്ഷണം, ചർച്ച, സെമിനാർ |
| **പ്രമേയം : പ്രകാശ പ്രതിഭാസങ്ങൾ** | **സമയം 11 മണിക്കൂർ/ 16 പിരിയഡ്** |
| • പ്രിസം, പ്രിസത്തിലൂടെ പ്രകാശത്തിന്റെ സഞ്ചാരദിശ. | • പ്രിസത്തിലൂടെയുള്ള പ്രകാശത്തിന്റെ സഞ്ചാരദിശ - ചിത്രീകരണം. |
| • പ്രകാശ പ്രകീർണനം<br>• വിവിധ വർണങ്ങളിലുള്ള പ്രകാശങ്ങളുടെ തരംഗ ദൈർഘ്യവും വേഗതയും വ്യത്യാസമായതിനാൽ അവയുടെ അപവർത്തനവും വ്യത്യസ്തമാണ്- പ്രകീർണനത്തിന്റെ കാരണം | • ചർച്ച, ചിത്രീകരണം. |
| • ജലത്തിലൂടെയുള്ള പ്രകീർണനം<br>• ധവള പ്രകാശം അതിന്റെ ഘടകവർണങ്ങളായി മാറുന്ന പ്രതിഭാസം. | • പാത്രം, ജലം ഇവ ഉപയോഗിച്ചുള്ള പരീക്ഷണം.<br>• സ്ഫടിക പ്രിസം, പ്രകാശരശ്മി ഇവ ഉപയോഗിച്ചുള്ള പരീക്ഷണം, ചിത്രീകരണം. |
| • മഴവില്ല് | • വെള്ളം വായിൽ എടുത്ത് തുപ്പുന്ന പ്രവർത്തനം.<br>• ചിത്രീകരണം<br>• ചർച്ച |
| • അതാര്യവസ്തുക്കളുടെ നിറം | • ചുവന്ന കടലാസ്, ടോർച്ച് ഇവ ഉപയോഗിച്ചുള്ള പരീക്ഷണം, നിരീക്ഷണം, ചർച്ച, വർക്ക്ഷീറ്റ് പൂർത്തീകരണം. |
| • സുതാര്യവസ്തുക്കളുടെ നിറം | • പരീക്ഷണം, നിരീക്ഷണം, ചർച്ച |

| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| • സപ്തവർണങ്ങളെ അനുയോജ്യമായ രീതിയിൽ ക്രമീകരിച്ച് പ്രിസത്തിലൂടെ കടത്തിവിട്ടാൽ വീണ്ടും ധവള പ്രകാശം ഉണ്ടാക്കാം.<br>• കണ്ണിന്റെ പെഴ്സിസ്റ്റൻസ് ഓഫ് വിഷൻ.<br>• ന്യൂട്ടന്റെ വർണപമ്പരം | • രണ്ട് സ്ഫടിക പ്രിസങ്ങൾ പാദം വിപരീത ദിശയിൽ ആയി ക്രമീകരിച്ചുള്ള പരീക്ഷണം, ചിത്രീകരണം.<br>• ന്യൂട്ടന്റെ വർണപമ്പരം, കറക്കുന്ന പരീക്ഷണം, തീപ്പന്തം ചുഴറ്റുന്ന പരീക്ഷണം, റിഫ്ളക്ടർ നീക്കം ചെയ്ത ടോർച്ച്, ചർച്ച, കുറിപ്പ്. |
| • പ്രാഥമിക വർണങ്ങൾ<br>• ദ്വിതീയ വർണങ്ങൾ<br>• പൂരകവർണ്ണ ജോഡികൾ<br>• പ്രകാശത്തിന്റെ വിസരണം | • പരീക്ഷണം, ചർച്ച |
| • പ്രകാശത്തിന്റെ തരംഗദൈർഘ്യവും, വിസരണവും തമ്മിലുള്ള ബന്ധം.<br>• സൂര്യപ്രകാശത്തിൽ നീലനിറത്തിനാണ് കൂടിയ ഇന്റൻസിറ്റി | • ചർച്ച |
| • പ്രകാശത്തിന്റെ വിസരണം, തരംഗ ദൈർഘ്യം കൂടിയ ചുവപ്പുനിറത്തിന് വിസരണം കുറവാണ്.<br>• തരംഗദൈർഘ്യവും വിസരണവും തമ്മിലുള്ള ബന്ധം | • വർക്ക് ഷീറ്റുകൾ പൂർത്തിയാക്കൽ |
| • പ്രകാശത്തിന്റെ വിസരണം - ആകാശനീലിമ, ഉദയാസ്തമയ സൂര്യന്റെ നിറം. | • സോഡിയം തയോസൾഫേറ്റ്, ടോർച്ച്, ബീക്കർ ഇവ ഉപയോഗിച്ചുള്ള പരീക്ഷണം, ചർച്ച, ചിത്രീകരണം |
| • ഇലക്ട്രോ മാഗ്നെറ്റിക് സ്പെക്ട്രം, അൾട്രാവയലറ്റ്, ഇൻഫ്രാറെഡ് കിരണങ്ങൾ. | • ചാർട്ട്, നിരീക്ഷണം<br>ചർച്ച |
| • സൂര്യവികിരണത്തിലെ ഇൻഫ്രാറെഡ്, രശ്മികൾക്കാണ് പ്രധാനമായും വസ്തുക്കളിൽ തട്ടുമ്പോൾ താപം ഉളവാക്കാൻ കഴിയുന്നത്. അൾട്രാവയലറ്റ് കിരണത്തിന്റെ സാന്നിദ്ധ്യം. ഫോട്ടോഗ്രാഫിക് പ്ലേറ്റിലെ രാസമാറ്റം കൊണ്ടു മനസ്സിലാക്കാം. | • ചർച്ച |
| **പ്രമേയം : ഇലക്ട്രോണിക്സ്** | **സമയം 2 മണിക്കൂർ/ 3 പിരിയഡ്** |
| • ഇലക്ട്രോണിക് ഉപകരണങ്ങളിലെ ഘടകങ്ങൾ | • ചർച്ച, ഐ.ടി., ചിത്രവിശകലനം, തരംതിരിക്കൽ |
| • LED - പ്രകാശം തരുന്ന ഡയോഡുകൾ | • നിരീക്ഷണം<br>• ചർച്ച |
| • ഐ.സി ചിപ്പുകൾ | • നിരീക്ഷണം, ചർച്ച |

**പ്രമേയം : നമ്മുടെ പ്രപഞ്ചം** **സമയം 4 മണിക്കൂർ/6 പിരിയഡ്**

| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| • സൂര്യന്റെ ഘടന (ചിത്ര വിശകലനം മാത്രം) | • ചിത്രനിരീക്ഷണം, ഐ.റ്റി., ചർച്ച |
| • ഗാലക്സികൾ (ചുരുൾ ഗാലക്സി മാത്രം)<br>• പ്രപഞ്ചോൽപ്പത്തി<br>• മഹാസ്പോടന സിദ്ധാന്തം | • ചിത്രനിരീക്ഷണം, ഐ.റ്റി., ചർച്ച |
| • ഹബ്ൾ സ്പേസ് ടെലസ്കോപ്പ്<br>• അന്തർദേശീയ ബഹിരാകാശ നിലയം<br>• ബഹിരാകാശ ഗവേഷണം ഭാരതത്തിൽ<br>• ഐ.എസ്.ആർ.ഒ.<br>• ജി.എസ്.എൽ.വി | • ചിത്രനിരീക്ഷണം, ഐ.റ്റി., ചർച്ച |
| • പി.എസ്.എൽ.വി<br>• ഇക്വറ്റോറിയൽ ഉപഗ്രഹം, പോളാർ ഉപഗ്രഹം<br>• ഉപഗ്രഹങ്ങളുടെ ഉപയോഗം | • ചിത്രനിരീക്ഷണം, ഐ.റ്റി., ചർച്ച |

**പ്രമേയം : ഊർജപരിപാലനം** **സമയം 5 മണിക്കൂർ/8 പിരിയഡ്**

| ആശയങ്ങൾ | പ്രക്രിയ/പ്രവർത്തനങ്ങൾ |
|---|---|
| • ജ്വലനം - ഭാഗികജ്വലനം - പൂർണജ്വലനം<br>• ഭാഗിക ജ്വലനം അന്തരീക്ഷമലിനീകരണം വർധിപ്പിക്കുന്നു. | • കടലാസ് ചുരുട്ടിയും നിവർത്തിയും കത്തിക്കുന്ന പരീക്ഷണം - നിരീക്ഷണം, ചർച്ച. |
| • ഇന്ധനങ്ങൾ<br>• ഫോസിൽ ഇന്ധനങ്ങൾ - കൽക്കരി -CNG, LPG, LNG | • ചർച്ച, ഇന്റർനെറ്റ്, ഐ.ടി., പോസ്റ്റർ തയാറാക്കൽ |
| • ഇന്ധനക്ഷമത, കലോറികമൂല്യം, കലോറികമൂല്യത്തിന്റെ യൂണിറ്റ്<br>• നല്ല ഇന്ധനത്തിന്റെ സവിശേഷതകൾ | • ചർച്ച, പട്ടികയുടെ വിശകലനം |
| • ബയോമാസ്<br>• വിറക് പോലുള്ള ഇന്ധനങ്ങൾ ഉപയോഗിക്കുമ്പോൾ ഊർജനഷ്ടവും പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാകാം.<br>• ബയോഗ്യാസ്<br>• സാമൂഹ്യ ബയോഗ്യാസ് പ്ലാന്റ് | • ചർച്ച |
| • സസ്യങ്ങൾ<br>• സോളാർ പാനൽ<br>• സോളാർ വാട്ടർ ഹീറ്റർ<br>• സോളാർ കുക്കർ<br>• സോളാർ തെർമൽ പവർ പ്ലാന്റ്<br>• കാറ്റാടികൾ<br>(ഇവയുടെ പ്രവർത്തനം വിശദമാക്കേണ്ടതില്ല) | • നിരീക്ഷണം, ചർച്ച, ഐ.ടി. |
| • സമുദ്രം ഊർജ്ജസ്രോതസ്സ്<br>• ജിയോതെർമൽ എനർജി (ഊർജം ന്യൂക്ലിയസ്സിൽ നിന്ന്- വേണ്ടതില്ല)<br>• പാരമ്പര്യ ഊർജ സ്രോതസ്സുകൾ<br>• പാരമ്പര്യേതര ഊർജ സ്രോതസ്സുകൾ<br>• ഊർജപ്രതിസന്ധി<br>• ഊർജപ്രതിസന്ധി ലഘൂകരിക്കാനുള്ള മാർഗങ്ങൾ | • ചർച്ച, നിരീക്ഷണം, നിർമാണം |

# ഒഴിവാക്കിയ/ഉൾപ്പെടുത്തിയ ഭാഗങ്ങൾ

**ടെക്സ്റ്റ്ബുക്ക്, ഹാൻഡ്ബുക്ക്, സിലബസ്ഗ്രിഡ് എന്നിവ അതേരീതിയിൽ പിന്തുടരുന്നു. വൈദ്യുതപ്രവാഹത്തിന്റെ ഫലങ്ങൾ (യൂണിറ്റ് 5), പ്രകാശപ്രതിഭാസങ്ങൾ (യൂണിറ്റ് 9), എന്ന യൂണിറ്റുകളിലെ ആശയങ്ങളെല്ലാം അതേപടി നിലനിർത്തിയിരിക്കുന്നു. എച്ച്.ഐ. വിദ്യാർത്ഥികൾക്ക് വിനിമയം ചെയ്യാൻ പ്രയാസമുള്ള പാഠഭാഗങ്ങൾ താഴെ കൊടുത്തിരിക്കുന്ന രീതിയിൽ ക്രമീകരിച്ചിരിക്കുന്നു.**

## ഭാഗം–1

| യൂണിറ്റ് 5 വൈദ്യുതിയുടെ ഫലങ്ങൾ | |
|---|---|
| എല്ലാ ഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട് | |
| **യൂണിറ്റ് 6 വൈദ്യുതകാന്തിക പ്രേരണം** | |
| | |
| **ആശയങ്ങൾ/പ്രവർത്തനങ്ങൾ (മാറ്റേണ്ട ഭാഗം)** | **ഉൾപ്പെടുത്തിയ പഠനപ്രവർത്തനം** |
| • എ.സി ജനറേറ്റർ, ഡി.സി ജനറേറ്റർ ഇവയുടെ പ്രവർത്തനം<br>• എ.സി., ഡി.സി സെൽ ഇവയുടെ ഗ്രാഫ്<br>• ട്രാൻസ്ഫോമറിന്റെ പ്രൈമറിയിലെയും സെക്കൻഡറിയിലെയും വോൾട്ടതയും കറന്റും (പവർ) തമ്മിലുള്ള ബന്ധം<br>• സെൽഫ് ഇൻഡക്ഷൻ<br>• വൈദ്യുത് മോട്ടോർ | എ.സി യിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ ഡി.സിയിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ ഇവ കണ്ടെത്തി തരംതിരിക്കൽ |
| **അദ്ധ്യായം 8 ശബ്ദം** | |
| • മാധ്യമങ്ങളിലൂടെ ശബ്ദ പ്രേഷണം ചെയ്യപ്പെടുന്നതെങ്ങനെയാണ്?<br>• ശബ്ദ സവിശേഷതകൾ- ശ്രുതി, തീവ്രത, ഗുണം (ഉച്ചത, ഡെസിബെൽ ഒഴിവാക്കേണ്ടതില്ല)<br>• ഡോപ്ളർ ഇഫക്ട്<br>• അനുനാദം<br>• ബീറ്റുകൾ | • ഓഡിയോഗ്രാമിലെ അളവുകൾ പരിചയപ്പെടുത്തുന്നു. ഗ്രാഫ് നിരീക്ഷണം |
| **യൂണിറ്റ് 9 പ്രകാശ പ്രതിഭാസങ്ങൾ** | |
| എല്ലാ ഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട് | |

| അദ്ധ്യായം 10 ഇലക്ട്രോണിക്സ് | |
|---|---|
| **ആശയങ്ങൾ/പ്രവർത്തനങ്ങൾ (മാറ്റേണ്ട ഭാഗം)** | **ഉൾപ്പെടുത്തിയ പഠനപ്രവർത്തനം** |
| • അർദ്ധചാലകങ്ങൾ ഡയോഡ്, ഫോർവേർഡ് ബയസ്, റിവേഴ്സ് ബയസ്<br>• റെക്ടിഫിക്കേഷൻ, ഫുൾവേവ് റെക്ടിഫയർ, ആംപ്ലിഫിക്കേഷൻ,<br>• ട്രാൻസിസ്റ്ററുകൾ | ................................................................................ |
| **അദ്ധ്യായം 11 നമ്മുടെ പ്രപഞ്ചം** | |
| • നാൾ<br>• രാശികൾ, ഞാറ്റുവേല, കാന്തിക വൃത്തം, ചന്ദ്രപഥത്തിലെ നക്ഷത്രങ്ങൾ<br>• നക്ഷത്ര പരിണാമം<br>• സൂര്യമണ്ഡലത്തെക്കുറിച്ചുള്ള/അന്തർഭാഗത്തെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ | ................................................................................ |
| **യൂണിറ്റ് 12 ഊർജ പരിപാലനം** | |
| • സോളാർ പാനൽ, സോളാർ വാട്ടർ ഹീറ്റർ, സോളാർ കുക്കർ, സോളാർ തെർമൽ പ്ലാന്റ് ഇവയുടെ പ്രവർത്തനം.<br>• ഊർജ്ജം ന്യൂക്ലിയസ്സിൽ നിന്ന് | ................................................................................ |